©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, വെള്ളി
Thiruvananthapuram, Friday

2026 ജനുവരി 23
23rd January 2026
1201 മകരം 9
9th Makaram 1201
1947 മാഘം 3
3rd Magha 1947

നമ്പർ
No.
294

കേരള സർക്കാർ

മത്സ്യബന്ധന ഉറമുഖ (ഡി) വകുപ്പ്

വിജ്ഞാപനം

സ.ഉ (അച്ചടി) നം.2/2026/മ.ഉ.വ. തിരുവനന്തപുരം, 2026 ജനുവരി 21
1201 മകരം 07

എസ്. ആർ. ഒ. നമ്പർ 86/2026

2017-ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ (2017-ലെ 16) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ 2019 ആഗസ്റ്റ് 2-ാം തീയതിയിലെ സ.ഉ. (പി) 31/2019/മ.ഉ.വ. നമ്പർ ആയി പുറപ്പെടുവിച്ചതും 527-ാം നമ്പർ എസ്. ആർ. ഒ. ആയി 2019 ആഗസ്റ്റ് 8-ാം തീയതിയിലെ 1811-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് മാരിടൈം ബോർഡ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപിച്ചുകൊണ്ടും ബോർഡിലെ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിനാലും;

2022 –ലെ കേരള മാരിടൈം ബോർഡ് (ഭേഗതി) ആക്ട് (2022–ലെ 16) പ്രകാരം 2017 –ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ (2017 ലെ 16) 3 –ാം വകുപ്പ് (4) –ാം ഉപവകുപ്പിന് ഭേദഗതി വരുത്തി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ബോർഡിന്റെ മെമ്പർ സെക്രട്ടറിയായി വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും,

ഇപ്പോൾ അതിനാൽ, 2017– ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ (2017–ലെ 16) 3–ാം വകുപ്പ് (4)–ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ബോർഡിന്റെ മെമ്പർ സെക്രട്ടറിയായി ഉൾപ്പെടുത്തിക്കൊണ്ട് കേരള സർക്കാർ 2019 ആഗസ്റ്റ് 2–ാം തീയതിയിലെ സ. ഉ. (പി) 31/2019/മ.ഉ.വ. നമ്പർ ആയി പുറപ്പെടുവിച്ചതും 527–ാം നമ്പർ എസ്. ആർ. ഒ. ആയി 2019 ആഗസ്റ്റ് 8–ാം തീയതിയിലെ 1811–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ – വിജ്ഞാപനം താഴെപ്പറയും പ്രകാരം വീണ്ടും ഭേദഗതി ചെയ്യുന്നു. അതായത്:–

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ, ക്രമനമ്പർ (9) ലെ (iv)–ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ക്രമനമ്പറും അതിനു നേരെയുള്ള ഉൾക്കുറിപ്പും ചേർക്കേണ്ടതാണ്. അതായത്:–

"(10) ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ : മെമ്പർ സെക്രട്ടറി"

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. എ കൗശിഗൻ ഐ എ എസ്
സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2022 -ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്ട് (2022-ലെ 16) പ്രകാരം 2017 -ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ (2017 ലെ 16) 3 -ാം വകുപ്പ് (4)-ാം ഉപവകുപ്പിന് ഭേദഗതി വരുത്തി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ബോർഡിന്റെ മെമ്പർ സെക്രട്ടറിയായി നിശ്ചയിച്ചുകൊണ്ട് വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് മാരിടൈം ബോർഡ് സ്ഥാപിച്ചുകൊണ്ടും ബോർഡിലെ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടും പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ, പ്രസ്തുത ഭേദഗതി ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി, മെമ്പർ സെക്രട്ടറിയെ സംബന്ധിച്ച വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി കേരള സർക്കാർ 2019 ആഗസ്റ്റ് 2-ാം തീയതിയിലെ സ. ഉ. (പി) 31/2019/മ.തുവ. നമ്പർ ആയി പുറപ്പെടുവിച്ചതും 527-ാം നമ്പർ എസ്. ആർ. ഒ. ആയി 2019 ആഗസ്റ്റ് 8-ാം തീയതിയിലെ 1811-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.23 07:19:20 +05:30